LIBRARY ARCHIVES Kerala Legislative Assembly

515/2013/ധന. നമ്പർ സർക്കാർ ഉത്തരവിലെ അപാകതകൾ

41 (1865) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശൂന്യവേതന അവധി മുഖേന ഉണ്ടാകുന്ന ഒഴിവുകൾ, 11-10-2013-ലെ 515/2013/ധനം എന്ന സർക്കാർ ഉത്തരവ് കാരണം, പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാതിരിക്കുന്ന സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഇത്തരം ഒഴിവുകളിൽ താൽക്കാലിക ജീവനക്കാരെ നിയമിക്കുന്നത് ഒഴിവാക്കി പി.എസ്.സി. വഴി നിയമിക്കാനും ഉത്തരവ് റദ്ദാക്കുവാനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ശൂന്യവേതന അവധി മുഖേനയുണ്ടാകുന്ന ഒഴിവുകൾ 6 മാസക്കാലയളവിലേക്ക് താത്കാലികമായി മാത്രമേ നികത്താവൂ എന്നാണ് 11-10-2013-ലെ സ.ഉ.(പി) നമ്പർ 515/2013/ധന പ്രകാരം നിഷ്കർഷിച്ചിട്ടുള്ളത് എന്നതിനാൽ ഇവ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യേണ്ടുന്ന സ്ഥിതിവിശേഷം ഉണ്ടാകുന്നില്ല.

ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നുണ്ടോയെന്ന് പരിശോധിക്കാൻ P&ARD സ്ക്വാഡ്

42 (1866) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

വിവിധ വകുപ്പുകൾ യഥാസമയം പി.എസ്.സി.ക്ക് ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നുണ്ടോയെന്ന പരിശോധിക്കാൻ P&ARD യുടെ ഒരു സ്ക്വാഡിനെ ചുമതലപ്പെടുത്താൻ തയ്യാറാവുമോ ?

ഉത്തരം

ഒഴിവുകൾ റിപ്പോർട്ട് ചെയ്യാത്തത് സംബന്ധിച്ച് ഗുരുതരമായ ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുമ്പോൾ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് പ്രസ്തുത വകുപ്പുകളിൽ പരിശോധന നടത്താറുണ്ട്.

GPM. 2/240/2020-15